പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3690 14/03/2017-ൽ മറുപടിയ്ക്ക്

## ഒക്കുപ്പേഷണൽ തെറാപിസ്റ്റുകളുടെ സേവന വേതന വ്യവസ്ഥകൾ

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | | ഉത്തരം<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലെ മാനസികാരോഗ്യ കേന്ദ്രങ്ങളിലെ രോഗികളുടെ പുനരധിവാസ ചികിത്സയുടെ മുഖ്യ പങ്ക് വഹിക്കുന്ന ഒക്കുപ്പേഷണൽ തെറാപിസ്റ്റിന്റെ തസ്തിക എത്രകാലമായി ഒഴിഞ്ഞു കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിലെ ഒരു തസ്തിക 04/12/2013 മുതലും കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിലെ ഒരു തസ്തിക 02/08/2011 മുതലും ഒഴിഞ്ഞു കിടക്കുന്നു. |
| (ബി) | ഒരേ വിദ്യാഭ്യാസ യോഗ്യതയും, ജോലിസ്വഭാവവുമുള്ള ആരോഗ്യ വകുപ്പിലെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെയും ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകളുടെ അടിസ്ഥാന ശമ്പളത്തിലുള്ള ഭീമമായ അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ആരോഗ്യ വകുപ്പിൽ 1998 -ൽ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുകയും 2005-ൽ വിദ്യാഭ്യാസ .യോഗ്യത നിർണ്ണയിക്കുകയും ചെയ്തെങ്കിലും യോഗ്യതയ്ക്ക് അനുസരണമായി ശമ്പളനിർണയം നടന്നിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (സി) | പരിശോധിക്കുന്നതാണ്.<br>സർക്കാർ ഫയൽ നം. 568709/എച്ച്2/2016/ആ.കു.വ |
| (ഡി) | കേരളത്തിൽ കോഴ്സ് ഇല്ലാത്തതിനാൽ അന്യ സംസ്ഥാന സർവ്വകലാശാലകളിൽ പഠിച്ച് നാലു വർഷ വും, ആറു മാസ ഇന്റേണൽഷിപ്പും കഴിഞ്ഞുവരുന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ സേവന വേതന വ്യവസ്ഥ പരിഹരിക്കണമെന്നുള്ള ഫയൽ സർക്കാരിന്റെ പക്കലുണ്ടോ; | (ഡി) | |

| | | | |
|---|---|---|---|
| | എങ്കിൽ ആയതിന്റെ നമ്പർ വെളിപ്പെടുത്താമോ; പ്രസ്തുത ഫയലിന്റെ തുടർ നടപടികൾ അറിയിക്കാമോ? | | |

സെക്ഷൻ ആഫീസർ